# മീര

സി. ജെ. തോമസ്



മീര
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2022, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The Morning, a painting by Umberto Boccioni (1882–1916). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മീര

ഒരു തമിഴ് ചിത്രത്തെ വിമർശിക്കാൻ മാത്രം ഞാൻ അധഃപതിച്ചോ എന്നെനിക്കറിഞ്ഞുകൂടാ. ഉന്മാദച്ചികിത്സ വശമുണ്ടായിട്ടുമല്ല. “മീര” വിമർശിക്കാനൊരുമ്പെടുന്നത്. കലാപരമായ ഉദ്ദേശ്യമാണെങ്കിൽ അതുമില്ല. “മീര”യിലുള്ളതിൽ കൂടുതൽ കല കഞ്ചാവിലുണ്ട്. പിന്നെ എന്താണ്, ഈ തോട്ടിവേലയ്ക്കിറങ്ങുന്നതെന്നു ചോദിച്ചാൽ അതിനു മാത്രം മറുപടി പറയാം.

തമിഴരെക്കൊണ്ടു നാം തോറ്റു. രാഷ്ട്രീയമായിട്ടും, സാമുദായികമായിട്ടും ഇവറ്റയെ ചുമന്നു നമ്മുടെ നട്ടെല്ലൊടിഞ്ഞു. അതിനു നിവൃത്തി എന്താണാവോ? ഏതായാലും കലാപരമായി അവർ പരത്തുന്ന വസൂരിക്കെതിരെയെങ്കിലും ഒരു പ്രതിഷേധം പ്രകടിപ്പിക്കണമല്ലോ. ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ഒരു ദേവനും ശരീരഘനമുള്ള ഒരു സ്ത്രീയും ഏതെങ്കിലുമൊരു ചെട്ടിയാരുടെ കൈയിൽ കിട്ടിയാൽ കേരളത്തിലെ ജനങ്ങളുടെ കൈയിൽ നിന്നു പണം ചോർന്നു തുടങ്ങാൻ മറ്റൊന്നും വേണ്ട. കാണുന്നവരെ പറഞ്ഞിട്ടു കാര്യമില്ല. കലയ്ക്കുവേണ്ടി ദാഹിച്ചു മോഹിച്ചു കഴിയുന്ന ഒരു ജനത കലയിലെ വേശ്യയെയും ആവശ്യന്യായേന സ്വീകരിച്ചുപോകും. തമിഴ് ചിത്രം പ്രദർശിപ്പിക്കുന്നവരെയും പറഞ്ഞിട്ടെന്താ ഗുണം? ‘ദീപസ്തംഭം മഹാശ്ചര്യം.’

തമിഴ് ചിത്രത്തിന് കഥയുടെ ആവശ്യമില്ല. എങ്കിലും കഥ കൊണ്ടാണല്ലോ വിമർശനം തുടങ്ങേണ്ടത്. നല്ല തടിമിടുക്കുള്ള ഒരു പെമ്പിറന്നോർക്ക് അപസ്മാരരോഗം പിടിപെട്ടു മരിക്കുന്നതാണു കഥ. ഒരു കൊച്ചുകുട്ടി വളരെ ചെറുപ്പത്തിലെ കൃഷ്ണനെ സ്വപ്നംകാണുന്നു. അതു മനഃശാസ്ത്രക്കാർ ന്യൂറോസിസ് (Neurosis) എന്നു പറയുന്ന രോഗമായിത്തീരുന്നതിനു മുമ്പുതന്നെ കെട്ടിച്ചുവിടേണ്ടതായിരുന്നു. എന്തുചെയ്യാം! അതു നടന്നില്ല. പെണ്ണു വളർന്നു. ഒന്നാം തരം ഒരു രാജാവിനെക്കൊണ്ടു കല്യാണം കഴിപ്പിച്ചു. അതുകൊണ്ടും രോഗം മാറിയില്ല. ഭാര്യാഭർത്തൃബന്ധം കൃഷ്ണനെ ഭജിക്കുന്നവർക്ക് അത്ര നന്നല്ലത്രെ. പിന്നെയെന്തോ കുറെ ലഹളയുണ്ടായി. എന്താണെന്നു കണ്ടുപിടിക്കാൻ ഡയറക്ടറെ കണ്ടു ചോദിക്കണം. അതിനു സൗകര്യമുണ്ടായില്ല. അതെന്തെങ്കിലുമാവട്ടെ. അവസാനം നല്ല എടത്തരം പ്രായത്തിൽത്തന്നെ മരിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ. ഇതിൽ കൂടുതൽ ഒരു സിനിമയ്ക്ക് എന്തു വേണം?

കഥയിൽ ആകെ ഒരു രംഗമേയുള്ളൂ. ഒരു സ്ത്രീ പാട്ടുംപാടി നടക്കുക. ചുറ്റുംകൂടിയിട്ടുള്ള ഒരുതരം ജന്തുക്കൾ (ഗള്ളിവർ വിവരിച്ചിട്ടുള്ള “യഹൂ” എന്ന മൃഗമാണെന്നു തോന്നുന്നു) മുൻകാലുകൾ ഉയർത്തി കുട്ടിരിക്കുകയും തലയുയർത്തി വട്ടിളകിയതുപോലെ ഇരുവശത്തേക്കും ആടുകയും ചെയ്യുന്നു. ഇടയ്ക്കിടയ്ക്ക് എന്തോ ഒരു സാധനം തലയിൽ ഘടിപ്പിച്ചിട്ടുള്ള ഒരു മനുഷ്യൻ വന്നു മുഖം വീർപ്പിച്ചുകാട്ടി കോക്രികുത്തിക്കൊണ്ട് ഓടിമറയുന്നു. ഇതിനെല്ലാം നടുനായകമായ സ്ത്രീയ്ക്ക് ഒരേയൊരു ഭാവം മാത്രം സങ്കടം. എന്തിനാണു സങ്കടമെന്നു നാം മനസ്സിലാക്കണമെന്ന് ഉദ്ദേശിച്ചിട്ടില്ല. നാട്ടുകാരുടെ കാശുപിടുങ്ങുന്നതും പോരാ, രണ്ടു മണിക്കൂർ ഈ കാരണമില്ലാത്ത കരച്ചിൽ കണ്ട് ഇരുത്തുകയും ചെയ്യണമല്ലോ എന്നതായിരിക്കും സങ്കടകാരണം.

ഡ്രമാറ്റിക് സന്ദർഭങ്ങളും ഈ പടത്തിലുണ്ട്. കൃഷ്ണന്റെ പ്രതിമ കണ്ണുമിഴിച്ചു കാണിക്കുന്നതാണ് ഏറെ. അതുപിന്നെ എല്ലാ തമിഴനും കൂടിയേ തീരൂ എന്നുണ്ടല്ലോ. ഇതിൽ അവിടവും കടന്നുപോയിരിക്കുന്നു. ചില രംഗങ്ങളുടെ ഉച്ചസ്ഥകോടിയിൽ വാതിലുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നുണ്ട്. ഫോട്ടോ ഇലക്ട്രിക് സെൻ പോലെ ഒരു സൗണ്ട് ഇലക്ട്രിക് സെൻ മേവാർ രാജ്യത്തുണ്ടായിരുന്നതായി അനുമാനിക്കാം.

ഫലിതത്തിനും കുറവില്ല. ആവണക്കെണ്ണ കുടിച്ചുകഴിഞ്ഞ ഒരുമുഖം ഇടയ്ക്കിടയ്ക്കു പ്രത്യക്ഷപ്പെട്ട് എന്തോ പുലമ്പി തന്നെത്താൻ ചിരിച്ചു സംതൃപ്തിയടയുന്നുണ്ട്.

## നടീനടന്മാർ

എം. എസ്. സുബ്ബലക്ഷ്മി അഭിനയിച്ച പടത്തെപ്പറ്റിയാണോ ഇങ്ങനെയൊക്കെ പറയുന്നത്?

അതെ. അതുതന്നെ. ഒരു തമിഴ് പടം കണ്ടുകളയാമെന്നു ധൈര്യപ്പെട്ടതുതന്നെ അതോർത്താണല്ലോ. ഒന്നാന്തരമായി അവർ പാടുന്നുമുണ്ട്. പക്ഷേ, അതെല്ലാം ഗ്രാമഫോൺ റിക്കാർഡിലായിരുന്നെങ്കിൽ ക്ഷമയോടെ കേട്ടുരസിക്കാമായിരുന്നു. മറ്റു കാര്യങ്ങളിലാണെങ്കിൽ ‘ശകുന്തള’യിൽ അഭിനയിച്ച സുബ്ബലക്ഷ്മിയും ‘മീര’യും തമ്മിലുള്ള ബന്ധം പണം വാങ്ങിച്ച കൈകൾ രണ്ടിലും ഒന്നുതന്നെയാണെന്നതു മാത്രമാണ്. തിയേറ്ററിനുമ്മറത്തിരുന്ന പരസ്യത്തിൽ നാഗയ്യയുടെ പേരു കണ്ടു. പക്ഷേ, ചിത്രത്തിൽ കാണാൻ കഴിഞ്ഞില്ല. ഉണ്ടെങ്കിൽത്തന്നെ അതിലുള്ള അനേകായിരം ഇണകളുടെ പിന്നിൽ ഒളിച്ചുനിൽക്കുകയാണ്. ഏതോ സർക്കാരാഫീസിലെ ഒരു ഡഫേദാർ കഥനായികയുടെ അടുത്തുവന്നു മര്യാദപറയുന്നുണ്ട്.

മതി അതൊക്കെ മതി. ഗേറ്റ്പോർട്ടർ പറയുന്നതുപോലെ ‘സ്റ്റാർ വാല്യൂ’ ഉണ്ടല്ലോ.

## ഫോട്ടോഗ്രാഫി

ഫോക്കസിംഗ്, ലൈറ്റിംഗ്, കോമ്പോസിഷൻ, റ്റോൺ ഇതെല്ലാം കഴിച്ചു ബാക്കിയുള്ളതെല്ലാം ഫോട്ടോഗ്രാഫർക്കു നല്ല നിശ്ചയമുണ്ട്. പ്രത്യേകിച്ചും ക്യാമറാ തിരിച്ചും മറിച്ചും പടമെടുക്കാൻ. ഒരു ഭക്തൻ മലർന്നുകിടന്നു പാടുന്നതായി തോന്നിക്കത്തക്ക രീതിയിൽക്കൂടി ചിത്രമുണ്ട്. മീര യാത്രചെയ്യുന്നതായി കാണിക്കുമ്പോൾ, പിറകിൽ കർട്ടൻ വലിച്ചുമാറ്റുന്നത് ഓരോ ചാട്ടങ്ങളായിട്ടാണെന്നതുകൂടി അയാൾ കാണുന്നില്ല.

## ഒരു ഗുണം

ഈ ചിത്രത്തിൽ ഒരു ഗുണമുള്ളതു പറയാതിരിക്കുന്നത് അനീതിയായിരിക്കുമല്ലോ. ഒരു സ്ത്രീയും പുരുഷന്റെ തലയ്ക്കു കുടമടിച്ചുടയ്ക്കുന്നില്ല എന്നതുതന്നെ.

## ഈശ്വരോ രക്ഷതു

ഒരൊറ്റ അടിപോലും നല്ലതല്ലാത്ത ഇത്തരം ചിത്രങ്ങളിൽനിന്നു രക്ഷിക്കാൻ ഈശ്വരനല്ലാതെ ആർക്കും സാദ്ധ്യമല്ല. തമിഴന്റെ കല നന്നാവാൻ ഇനിയും യുഗങ്ങൾ വളരെ വേണം. അതിനുമുമ്പായിത്തന്നെ അവന്റെ സിനിമ കേരളത്തെ ഒരു മാടൻകോവിലാക്കിത്തീർക്കുമെന്നാണു ഭയം. സതി സമ്പ്രദായം നിർത്തലാക്കിയ ബ്രിട്ടീഷ് ഗവൺമെന്റ് ഇതൊന്നു നിരോധിക്കുമോ? മദ്യവർജ്ജനം നടപ്പിലാക്കിയ കോൺഗ്രസ്സ് മന്ത്രിസഭയ്ക്കു കഴിയുമോ? അവന്റെ കഞ്ചാവുമതവും പെരുവഴിയിലെ ദണ്ഡനമസ്കാരവും കലാഭാസവും പോകട്ടെ, നാട്ടുകാരന്റെ കാശുപോകുന്നതാണു സഹിച്ചു കൂടാത്തത്.

പ്രസന്നകേരളം 25 ആഗസ്റ്റ് 1946.

സി. ജെ. വിചാരവും വീക്ഷണവും 1985.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കുത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കുത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.